


## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 6



■ കെ.ടി അബ്ദുർറഹീം
■ സദ്റുദ്ദീൻ വാഴക്കാട്

# തീയിൽ മുളച്ചത് വെയിലത്ത് വാടുമോ?

**ഒരാൾക്ക് കഷ്ടിച്ച് ഇരിക്കാൻ പാകത്തിൽ ഒരു സ്റ്റൂൾ ഇടാൻ മാത്രം വലുപ്പമുള്ള ഒരിടം ഉണ്ടായിരുന്നു തിരുവനന്തപുരം കംഫർട്ട് സ്റ്റേഷനിൽ. ചിലപ്പോഴൊക്കെ അവിടെയും കഴിച്ചുകൂട്ടും. യാത്രയിലാണെങ്കിൽ രാത്രി എത്തുന്നിടത്ത് കിടക്കും. കിട്ടിയാൽ തിന്നും. പലപ്പോഴും രാത്രി കഴിക്കാൻ ഒന്നും ഉണ്ടാകില്ല. അങ്ങനെ എത്ര നാളുകൾ!**

**തിരുവനന്തപുരത്ത്** അന്ന് പാളയം പള്ളിയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ടി.പി കുട്ട്യാമു സാഹിബും മറ്റുമാണ് നേതൃത്വം കൊടുക്കുന്നത്. കുട്ട്യാമു സാഹിബ് പ്രഗത്ഭനായ എഞ്ചിനീയറായിരുന്നു. നിർമാണത്തിലിരിക്കുന്ന പള്ളിയുടെ പിന്നിൽ ഒരു താൽക്കാലിക ഷെഡ് കെട്ടിയിരുന്നു. അവിടെയാണ് ചിലപ്പോഴൊക്കെ രാത്രി കിടക്കുക. അല്ലെങ്കിൽ പാളയത്തെ ഏതെങ്കിലും പീടിക വരാന്തയിൽ. എവിടെയായിരുന്നാലും കൊതുകുകൾക്ക് നല്ല കൊയ്ത്താണ്.

### പാളയത്തെ കംഫർട്ട് സ്റ്റേഷൻ

പാളയം പള്ളിയുടെ മുമ്പിലുള്ള മാർക്കറ്റിൽ ഒരു കംഫർട്ട് സ്റ്റേഷൻ ഉണ്ടായിരുന്നു. അത് നടത്തിയിരുന്നത് ജലാൽ എന്ന് പേരുള്ള ഒരു ചെറുപ്പക്കാരനായിരുന്നു. തമിഴ്നാട്ടിലെ ഡി.എം.കെയുമായിട്ടായിരുന്നു ജലാലിനു ബന്ധം. അദ്ദേഹത്തെ പതുക്കെ മാറ്റിയെടുക്കാൻ ശ്രമിച്ചു. കൊല്ലത്തും ആലപ്പുഴയിലുമെല്ലാം കൂടെ കൊണ്ടുപോയി. വള്ളക്കടവിലെ ഒ.എം കുഞ്ഞു സാഹിബുമായി പരിചയപ്പെട്ടത് ജലാൽ മുഖേനയാണ്. രാഷ്ട്രീയ പ്രവർത്തകനായിരുന്ന എസ്.എം നൂഹ് സാഹിബിന്റെ അടുത്ത കൂട്ടുകാരനായിരുന്നു ഒ.എം കുഞ്ഞു സാഹിബ്. കേരള സോഷ്യലിസ്റ്റ് പാർട്ടിയിലായിരുന്നു അവർ പ്രവർത്തിച്ചിരുന്നത് എന്നാണെന്റെ ഓർമ. ധീരനും ചിന്തകനുമായിരുന്നു ഒ.എം കുഞ്ഞു സാഹിബ്. വള്ളക്കടവ് കടപ്പുറത്തെ മണൽപരപ്പിൽ ഞങ്ങളൊരുമിച്ച് ഒരുപാട് രാത്രികൾ പല വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളുമായി കഴിഞ്ഞുകൂടിയിട്ടുണ്ട്. അങ്ങനെ അദ്ദേഹം ജമാഅത്തിന്റെ അനുഭാവിയായി. തിരുവനന്തപുരത്ത് എനിക്ക് കിട്ടിയ ഒരു പുളിങ്കൊമ്പായിരുന്നു ഒ.എം.

ഒരാൾക്ക് കഷ്ടിച്ച് ഇരിക്കാൻ പാകത്തിൽ ഒരു സ്റ്റൂൾ ഇടാൻ മാത്രം വലുപ്പമുള്ള ഒരിടം ഉണ്ടായിരുന്നു കംഫർട്ട് സ്റ്റേഷനിൽ. ചിലപ്പോഴൊക്കെ അവിടെയും കഴിച്ചുകൂട്ടും. യാത്രയിലാണെങ്കിൽ രാത്രി എത്തുന്നിടത്ത് കിടക്കും. കിട്ടിയാൽ തിന്നും. പലപ്പോഴും രാത്രി കഴിക്കാൻ ഒന്നും ഉണ്ടാകില്ല. അങ്ങനെ എത്ര നാളുകൾ!

പുസ്തകങ്ങൾ ചുമലിലേറ്റിയുള്ള നടത്തം, ഓരോ വഖ്ത് ഓരോ പള്ളിയിൽ. നമസ്കാരത്തിനെത്തുന്ന ചിലരെങ്കിലും പുസ്തകങ്ങൾ വാങ്ങും. ദക്ഷിണ കേരളത്തിൽ മലബാറിലെ മതസംഘടനകൾക്കിടയിലെ ശത്രുത ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് പള്ളികളിൽ താമസിക്കുന്നതിനോ പുസ്തകം വിൽക്കുന്നതിനോ കാര്യമായ തടസ്സങ്ങളൊന്നുമില്ല. പിന്നീട് മലബാറിൽനിന്നുവന്ന ചില പ്രസംഗകരും മറ്റുമാണ് അവിടെ വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിച്ചത്. പക്ഷേ അത് വലിയ അളവിലൊന്നും വിജയിക്കുകയുണ്ടായില്ല.

കൈയിലുണ്ടായിരുന്ന നൂറ് രൂപ തീർന്നു. പിന്നെ മുന്നോട്ടു പോകാൻ ഗതിയില്ല. കാശിന് ആവശ്യമുണ്ടെങ്കിൽ ആലപ്പുഴയിൽ ചെന്ന് ത്വയ്യിബ് സാറിന്റെ ജ്യേഷ്ഠൻ യൂസുഫ് സാഹിബിനോട് വാങ്ങണം എന്നായിരുന്നു കെ. അബ്ദുസ്സലാം മൗലവി പറഞ്ഞിരുന്നത്. അതനുസരിച്ച് ഞാൻ ആലപ്പുഴയിലെത്തി. എനിക്ക് 25 രൂപ കിട്ടി. തിരുവനന്തപുരത്തുനിന്ന് ആലപ്പുഴയിൽ വന്ന് തിരിച്ചുപോകാൻ തന്നെ വേണം അതിന്റെ പകുതി. ബാക്കിയുള്ള ചെറിയൊരു പൈസക്ക് വേണ്ടി ഞാനെന്തിന് തിരുവനന്തപുരം മുതൽ

ആലപ്പുഴവരെയും തിരിച്ചും യാത്ര ചെയ്യണം! പിന്നീട് അതിന് മുതിർന്നില്ല.

റോഡുവിളയിൽ ഒരു ബീഡിതെറുപ്പുകാരനുണ്ടായിരുന്നു; മുസ്ത്വഫ. സി.കെ കോയ സാഹിബിലൂടെയാണ് അദ്ദേഹം ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കിയത്. പരമ ദരിദ്രനായിരുന്നു. ഓലപ്പുരയിലായിരുന്നു താമസം. അബ്ദുൽ വഹാബിന്റെ കടയിലായിരുന്നു ബീഡി തെറുപ്പ്. അവർക്ക് ജമാഅത്തിനോട് വെറുപ്പായിരുന്നു; എന്നോടും. പക്ഷേ, എന്നെ അവർക്കറിയുമായിരുന്നില്ല. അതുകൊണ്ട് ഞാൻ അവിടെ ചെല്ലുകയും സംസാരിക്കുകയും ബീഡിതെറുക്കുകയും ചെയ്തു. റോഡുവിളയിലെ ശാഹുൽ ഹമീദ് മൗലവി എന്റെ കൂടെ മുട്ടേക്കാവ് ദർസിൽ ഓതിയിരുന്ന പണ്ഡിതനാണ്. പിന്നീടദ്ദേഹം ജമാഅത്തിലേക്ക് വരികയുണ്ടായി.

## സഖാവിന്റെ ചോദ്യങ്ങൾ

റോഡുവിളയിലെ നമസ്കാരപള്ളിയിൽ മഗ്‌രിബിനു ശേഷം ക്ലാസ് നടത്തും. കുറേ ആളുകൾ പങ്കെടുക്കും. അഭിപ്രായ വ്യത്യാസമുള്ളതൊന്നും പറയില്ല. ഇസ്‌ലാമിനെ കുറിച്ചായിരിക്കും ക്ലാസ്. അടുത്ത പ്രദേശമായ വെട്ടപ്പാറയിൽ ഒരിക്കൽ മൂന്നു ദിവസത്തെ പ്രസംഗം സംഘടിപ്പിച്ചു. ഇസ്‌ലാമിനെക്കുറിച്ചുതന്നെയാണ് സംസാരിച്ചത്. ജമാഅത്തിനെക്കുറിച്ച് ഒന്നും പറഞ്ഞിരുന്നില്ല. അവിടെ ഒരു സഖാവുണ്ടായിരുന്നു. ബെഞ്ചിലിരുന്ന് അദ്ദേഹം പ്രസംഗം കേട്ടു. രണ്ടാം ദിവസം പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു: 'നിങ്ങൾ ആരാണ്, എന്താണ് നിങ്ങളുടെ ലക്ഷ്യം?' 'ഞാൻ മലബാറിൽനിന്ന് വന്നതാണ്, ഇസ്‌ലാമിനെ പരിചയപ്പെടുത്തലാണ് ലക്ഷ്യം'- ഞാൻ മറുപടി പറഞ്ഞു. പക്ഷേ, അദ്ദേഹം വിട്ടില്ല. 'അതല്ല, നിങ്ങൾക്ക് എന്തോ പ്രത്യേക ലക്ഷ്യമുണ്ട്. ഏതോ ഒരു പ്രസ്ഥാനത്തിന്റെ ആളാണ് നിങ്ങൾ'- അദ്ദേഹം തറപ്പിച്ചു പറഞ്ഞു. എന്റെ പ്രസംഗത്തിൽ സംഘടനയെക്കുറിച്ചൊന്നും പറഞ്ഞിരുന്നില്ല. പക്ഷേ, കമ്യൂണിസ്റ്റുകാരനായ, വായിക്കുകയും ചിന്തിക്കുകയും ചെയ്തിരുന്ന അദ്ദേഹത്തിന് പ്രസംഗത്തിൽ ഇസ്‌ലാമിനെ അവതരിപ്പിച്ച ശൈലിയിൽനിന്നുതന്നെ അതിനു പിന്നിൽ എന്തോ ലക്ഷ്യം ഉണ്ടെന്ന് മനസ്സിലായിരുന്നു. 'ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകനാണ്. സംഘടനയെ പരിചയപ്പെടുത്താനാണ് വന്നത്. ഇവിടെ മുസ്‌ലിയാക്കന്മാരുടെ എതിർപ്പുകളും മറ്റും ഉണ്ടാകും. അതുകൊണ്ടാണ്



*വി.കെ ഇസ്സുദ്ദീൻ മൗലവി*

സംഘടനയെക്കുറിച്ച് ആദ്യം തന്നെ പറയാതിരുന്നത്'-ഞാൻ പറഞ്ഞു. 'താങ്കളുടെ പ്രസംഗം അരമണിക്കൂർ കേട്ടപ്പോൾ തന്നെ ഇതിലെന്തോ ഒരു പ്രത്യേകതയുണ്ട് എന്ന് എനിക്ക് മനസ്സിലായിരുന്നു. പിന്നെ, മുസ്‌ലിയാക്കന്മാരുടെ എതിർപ്പുകളൊന്നും പ്രശ്നമാക്കേണ്ട. തീയിൽ മുളച്ചത് വെയിലത്തു വാടുമോ?'- അദ്ദേഹം ചോദിച്ചു. കമ്യൂണിസത്തിൽ നിരാശനായിരുന്നു അദ്ദേഹം. പിന്നീട് ജമാഅത്തിനെക്കുറിച്ച് പഠിക്കുകയും സംഘടനയുടെ ഭാഗമാവുകയും ചെയ്തു. ഏതാനും വർഷം മുമ്പ് അദ്ദേഹം മരണപ്പെട്ടു.

## വക്കം മൗലവിയുടെ ശിഷ്യന്മാർ

വെട്ടപ്പാറയിലെ പ്രസംഗം കേൾക്കാൻ ഞാറയിൽകോണത്തുകാരനായ അബ്ദുസ്സലാം സാർ ഉണ്ടായിരുന്നു. അറബിക് മുൻഷിയായിരുന്നു അദ്ദേഹം. വക്കം മൗലവിയുടെ ശിഷ്യനായിരുന്നതിനാൽ പുരോഗമന ചിന്തയുണ്ടായിരുന്നു. അദ്ദേഹത്തിന് പ്രസംഗം ഇഷ്ടപ്പെട്ടു. അബ്ദുസ്സലാം സാർ എന്നെ ഞാറയിൽ കോണത്തേക്ക് ക്ഷണിച്ചു. അന്ധവിശ്വാസങ്ങൾ കുറഞ്ഞ പ്രദേശമായിരുന്നു അത്. വക്കം മൗലവിയുടെ ശിഷ്യന്മാരിൽ ചിലർ അവിടെ ഉണ്ടായിരുന്നു. ഞാറയിൽകോണത്തെ സ്കൂളിൽ ഒരു സ്റ്റഡി ക്ലാസ് സംഘടിപ്പിച്ചു. അവിടത്തെ ആദ്യത്തെ ക്ലാസ്. 100-150 പേർ പങ്കെടുത്തുവെന്നാണ് ഓർമ. പിന്നീട് ആളുകൾ കൂടിത്തുടങ്ങി. പെട്രോമാക്സ് കത്തിച്ചുവെച്ചാണ് ക്ലാസ്സെടുത്തത്. മൈക്ക് ഉണ്ടായിരുന്നില്ല.

വക്കം മൗലവിയുടെ ശിഷ്യന്മാരുടെ നാടാണ് അതെങ്കിലും, ആദ്യതലമുറക്കു ശേഷം വന്ന പലരും ഭൗതികരായിപ്പോയിരുന്നു. ചിലരൊക്കെ കമ്യൂണിസത്തിലാണ് എത്തിപ്പെട്ടത്. ഉൽപതിഷ്ണു സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ആളുകളെ അന്ധവിശ്വാസങ്ങളിൽ നിന്ന് മോചിപ്പിക്കാൻ കഴിയും. പക്ഷേ, പിന്നീട് തുടർപ്രവർത്തനങ്ങൾ ഇല്ലാതെ പോയാൽ ചിലർക്കൊക്കെ ദീൻ തന്നെ നഷ്ടപ്പെടാനും ഭൗതികരായി മാറാനും സാധ്യതയുണ്ട്. അതാണ് അവിടെയും സംഭവിച്ചത്. പിതാവ് വക്കം മൗലവിയുടെ ശിഷ്യനായിരിക്കും, പക്ഷേ മകൻ ഭൗതികനും. ഈയൊരു അവസ്ഥയിലാണ് അവിടെ ക്ലാസ് തുടങ്ങിയത്. ആദ്യ ക്ലാസിൽ, *വഖദാ റബ്ബുക്ക അല്ലാ തഅ്ബുദൂ ഇല്ലാ ഇയ്യാഹു വബിൽ വാലിദൈനി ഇഹ്സാനാ* എന്നു തുടങ്ങുന്ന ഭാഗമാണ് വിശദീകരിച്ചത്. ക്ലാസ് അവർക്ക് നന്നായി ഇഷ്ടപ്പെട്ടു. രണ്ട് മൂന്നു ദിവസത്തെ പ്രസംഗം സംഘടിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

വി.കെ ഇസ്സുദ്ദീൻ മൗലവിയും കെ. അബ്ദുസ്സലാം മൗലവിയും ഞാനും മൂന്നു ദിവസത്തെ വഅ്ള് നടത്തി. ഇസ്സുദ്ദീൻ മൗലവി അന്ന് ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ പിരിവിനു വേണ്ടി ദക്ഷിണ കേരളത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാനും പിരിവിന് പോകാറുണ്ടായിരുന്നു. സ്കൂളിന്റെ മുമ്പിലായിരുന്നു സ്റ്റേജ്. വലിയൊരു ജനക്കൂട്ടം വഅ്ള് കേൾക്കാനുണ്ടായിരുന്നു. ജനങ്ങൾക്കിടയിൽ നമ്മെക്കുറിച്ച് നല്ല മതിപ്പുണ്ടാക്കാൻ അത് കാരണമായി.

## ഞാറയിൽകോണം മഹല്ല്

ഞാറയിൽകോണം പള്ളിയിൽ മലയാളത്തിലായിരുന്നു അക്കാലത്ത് ഖുത്വ്ബ. പല്ലനക്കാരൻ ഒരു മുസ്‌ലിയാരായിരുന്നു ഖത്വീബ്. പാതിരിയോട് മുൻഷിയാണ് മഹല്ല് പ്രസിഡന്റ്. മൂന്നാം ദിവസം വഅ്ള് കഴിഞ്ഞപ്പോൾ അദ്ദേഹം വന്ന് കെ. അബ്ദുസ്സലാം മൗലവിയോട് മഹല്ല് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു. ജമാഅത്തിന്റെ മേഖലാ നാസിം അദ്ദേഹമാണെന്ന് അവർക്കറിയാമായിരുന്നു. ഇസ്‌ലാമിക് സ്റ്റഡി സർക്കിളിലെ ക്ലാസ്സുകളിലൂടെ അവർ ജമാഅത്തിനെ മനസ്സിലാക്കിയിരുന്നു.

കെ. അബ്ദുസ്സലാം മൗലവി മഹല്ല് ഏറ്റെടുത്തു. എന്നെ ഖത്വീബായി നിശ്ചയിച്ചു. വെള്ളി, ശനി, ഞായർ എന്നീ മൂന്നു ദിവസങ്ങളിൽ ഞാൻ മഹല്ലിൽ ഉണ്ടാകണം എന്നു തീരുമാനിച്ചു. വെള്ളി ഖുത്വ്ബയും സ്റ്റഡി സർക്കിളിലെ ക്ലാസും.

ശനി, ഞായർ ദിവസങ്ങളിൽ കുട്ടികൾക്കുവേണ്ടിയുള്ള ക്ലാസ്സുകൾ- ഇങ്ങനെയായിരുന്നു പരിപാടി.

ഒരു നല്ല മദ്റസ സ്ഥാപിക്കുന്നതിനായിരുന്നു അടുത്ത ശ്രമം. അവിടെ മദ്റസക്ക് ഒരു കെട്ടിടം ഉണ്ടായിരുന്നു. പക്ഷേ ക്ലാസ്സുകൾ നടന്നിരുന്നില്ല. ശനിയും ഞായറും കുട്ടികൾക്ക് വേണ്ടി ക്ലാസ് സംഘടിപ്പിച്ചത് മദ്റസയുടെ തുടക്കം എന്ന നിലക്കായിരുന്നു. അന്ന് ആ ക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികളാണ് ഇന്ന് അവിടത്തെ ജമാഅത്ത് പ്രവർത്തകരിൽ ഏറിയ പങ്കും. മദ്റസ കെട്ടിടത്തിന്റെ പണി പൂർത്തിയായതോടെ അവിടെ വ്യവസ്ഥാപിതമായി ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ആലപ്പുഴയിലെ എസ്.എം. ത്വയ്യിബ് സാഹിബിനെ അധ്യാപകനായി കൊണ്ടുവന്നു. പള്ളിദർസിൽ പഠിച്ച, കഴിവുള്ള അധ്യാപകനായിരുന്നു എസ്.എം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മദ്റസ സജീവമായി പ്രവർത്തിച്ചു. ആറു മാസം കഴിഞ്ഞപ്പോൾ മദ്റസയുടെ വാർഷികാഘോഷം സംഘടിപ്പിച്ചു. കുട്ടികളുടെ വൈവിധ്യമാർന്ന പരിപാടികൾ ഉണ്ടായിരുന്നു. നല്ല വിഷയങ്ങൾ തെരഞ്ഞെടുത്ത് പ്രസംഗങ്ങൾ പഠിപ്പിച്ചു. കുട്ടികൾ നന്നായി പ്രസംഗിച്ചു. റഹ്മത്ത് എന്നൊരു പെൺകുട്ടിയുണ്ടായിരുന്നു. 'മുസ്‌ലിം വനിതകളും ഇസ്‌ലാമിക പ്രബോധനവും' എന്ന മൗദൂദി സാഹിബിന്റെ പുസ്തകം മനഃപാഠമാക്കിയാണ് റഹ്മത്ത് പ്രസംഗിച്ചത്. ജനങ്ങൾക്ക് അത് വലിയ അത്ഭുതമായിരുന്നു. റഹ്മത്ത് പിന്നീട് സജീവ ഇസ്‌ലാമിക പ്രവർത്തകയും ജമാഅത്ത് അംഗവുമായി മാറി. നാസിമുദ്ദീനാണ് അവരുടെ ഭർത്താവ്. ഏതാനും വർഷങ്ങൾക്ക് മുമ്പ് റഹ്മത്ത് മരണപ്പെട്ടു.

വാർഷികാഘോഷം നടന്നതോടെ മദ്റസയെക്കുറിച്ചും മഹല്ലിലെ പ്രവർത്തനങ്ങളെക്കുറിച്ചും നല്ല അഭിപ്രായമാണ് ജനങ്ങൾക്കുണ്ടായത്. ചെറിയ ചില എതിർപ്പുകൾ ഉണ്ടായിരുന്നെങ്കിലും നമ്മുടെ പ്രവർത്തനങ്ങൾക്ക് ലഭിച്ച സ്വീകാര്യതയിൽ അത് ഒതുങ്ങിപ്പോവുകയായിരുന്നു. ജമാഅത്ത് നമസ്കാരങ്ങൾക്കു ശേഷം കൂട്ടു പ്രാർഥന നടത്തുന്ന രീതിയാണ് പള്ളിയിൽ തുടർന്നുവന്നിരുന്നത്. ഞാൻ ഖുത്വ്ബ തുടങ്ങി കുറച്ചു മാസങ്ങൾക്കു ശേഷം അത് മാറ്റണമെന്ന് ആഗ്രഹമുണ്ടായി.

വെള്ളത്തിന് കടുത്ത ക്ഷാമമുള്ള സമയമായിരുന്നു അത്. കർഷകർ ധാരാളം ഉണ്ടായിരുന്നതുകൊണ്ട് മഴ കിട്ടേണ്ടത് അത്യാവശ്യമായിരുന്നു. പള്ളിയിലെ ഖുത്വ്ബയിൽ ഞാൻ അതേക്കുറിച്ച് പറഞ്ഞു. 'ദുആയിൽ ഓരോരുത്തരും അവരവരുടെ ആവശ്യങ്ങൾ അല്ലാഹുവിനോട് പറയണം. നമുക്ക് ഇപ്പോൾ മഴ കിട്ടേണ്ടതുണ്ട്. അതുകൊണ്ട് നമസ്കാരത്തിനു ശേഷം നമുക്കോരോരുത്തർക്കും മലയാളത്തിൽ മഴക്കുവേണ്ടി പ്രാർഥിക്കാം.'

ജുമുഅ കഴിഞ്ഞ് ഞാൻ അഴിക്കോട് ഒരു പരിപാടിക്ക് പോയി. വൈകുന്നേരം അവിടെ നല്ല മഴ പെയ്തു. ഞാറയിൽ കോണത്തും മഴയുണ്ടാകുമെന്ന് തോന്നി. വ്യാപകമായി ഫോൺ ഇല്ലാതിരുന്നതിനാൽ അപ്പോൾ തന്നെ വിവരമറിയാൻ കഴിയുമായിരുന്നില്ല. പ്രതീക്ഷിച്ചപോലെ ഞാറയിൽകോണത്തും നല്ല മഴ പെയ്തു- അൽഹംദുലില്ലാഹ്. അതുവഴി മലയാളത്തിൽ നടത്തിയ പ്രാർഥനയെക്കുറിച്ച് നല്ല മതിപ്പുണ്ടായി മഹല്ല് നിവാസികൾക്ക്. അതോടെ നമസ്കാരാനന്തരം കൂട്ടു പ്രാർഥന നടത്തുന്ന രീതി അവസാനിപ്പിച്ചു.



*വക്കം മൗലവി*

**വക്കം മൗലവിയുടെ ശിഷ്യന്മാരുടെ നാടാണ് അതെങ്കിലും, ആദ്യതലമുറക്കു ശേഷം വന്ന പലരും ഭൗതികരായിപ്പോയിരുന്നു. ചിലരൊക്കെ കമ്യൂണിസത്തിലാണ് എത്തിപ്പെട്ടത്. ഉൽപതിഷ്ണു സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ആളുകളെ അന്ധവിശ്വാസങ്ങളിൽനിന്ന് മോചിപ്പിക്കാൻ കഴിയും. പക്ഷേ, പിന്നീട് തുടർപ്രവർത്തനങ്ങൾ ഇല്ലാതെ പോയാൽ ചിലർക്കൊക്കെ ദീൻ തന്നെ നഷ്ടപ്പെടാനും ഭൗതികരായി മാറാനും സാധ്യതയുണ്ട്. അതാണ് അവിടെയും സംഭവിച്ചത്.**

## വടിയെടുക്കാത്ത ഖുത്വ്ബ

ഖുത്വ്ബക്ക് വടിയെടുക്കുന്നതായിരുന്നു മറ്റൊരു വിഷയം. വാളിനു പകരം വടിയായിരുന്നു ഞാറയിൽകോണം പള്ളിയിൽ ഉപയോഗിച്ചിരുന്നത്. ഹനഫി മദ്ഹബനുസരിച്ച് വടിയാണ് പിടിക്കേണ്ടത്. അവിടെ പക്ഷേ മദ്ഹബ് അനുസരിച്ചായിരുന്നില്ല ആ രീതി സ്വീകരിച്ചത്. ഖിദ്ർ സാഹിബാണ് വടി പിടിച്ച് 'മആശർ' വിളിച്ചിരുന്നത്. ശേഷം എനിക്ക് വടി തരും. ഒരു ദിവസം ഞാൻ അബ്ദുൽ ഹയ്യ് സാറിനോട് പറഞ്ഞു: വടി പിടിച്ച് അറബിയിൽ പറയുന്നത് ജനങ്ങൾക്ക് മനസ്സിലാകുന്നില്ല. താങ്കൾ അതിന്റെ അർഥം പറഞ്ഞുകൊടുക്കണം. അദ്ദേഹം അപ്രകാരം ചെയ്തു. ഞാൻ വടി എടുത്തതുമില്ല. രണ്ടോ മൂന്നോ ആഴ്ച അങ്ങനെ കഴിഞ്ഞപ്പോൾ, ഒരു വെള്ളിയാഴ്ച ഒരാൾ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മുന്നോറുകൾ- മുൻഗാമികൾ- വടിയെടുത്തിരുന്നു. അത് തുടരണം.' ഞാനതിന് മറുപടി പറഞ്ഞു: 'വടിയെടുക്കണം എന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടെങ്കിൽ എടുക്കരുത് എന്ന് ഇവിടെ ആർക്കും അഭിപ്രായമില്ല. അതുകൊണ്ട് വടിയെടുക്കാം. ഞാൻ യുവാവാണ്. എനിക്ക് വടി കുത്തിപ്പിടിച്ച് നിൽക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് വടിയെടുക്കാതിരുന്നത്. നിങ്ങൾക്കങ്ങനെ വേണമെന്നാണെങ്കിൽ ഞാൻ വടിയെടുക്കാം.' ഇതു പറഞ്ഞ് വടി വാങ്ങി ഞാൻ മിമ്പറിൽ കയറി. അതോടെ അദ്ദേഹത്തിന്റെ എതിർപ്പ് തണുത്തു. ഒരു ഏറ്റുമുട്ടലിന് ഞാൻ നിൽക്കാത്തതുകൊണ്ട് അതൊരു പ്രശ്നമാക്കാൻ കഴിഞ്ഞില്ല. രണ്ടു മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ അദ്ദേഹം തന്നെ പറഞ്ഞു: 'മൗലവീ, ഇനി നിങ്ങൾ വടിയെടുക്കേണ്ട. ആരോ ഒരാൾ എന്നോട് പറഞ്ഞപ്പോൾ ഞാൻ നിങ്ങളോട് സൂചിപ്പിച്ചതാണ്. അതിന്റെ ആവശ്യമില്ല.'

അടിസ്ഥാനപരമല്ലാത്ത വിഷയങ്ങളിൽ എതിർപ്പുകളും ഭിന്നതകളും ഉണ്ടാകുമ്പോൾ ഏറ്റുമുട്ടലിന്റേതല്ലാത്ത സമീപനം സ്വീകരിക്കണം എന്ന നയമനുസരിച്ചാണ് ഞാൻ അങ്ങനെ ചെയ്തത്.

## മണിക്കൂറുകൾ മാത്രമുള്ള ഖത്വീബ് സ്ഥാനം

കൊല്ലം മാവള്ളി പള്ളിയിൽ ഏതാനും മണിക്കൂറുകൾ ഖത്വീബായിരുന്നു

ഞാൻ. ദക്ഷിണ കേരളയുടെ നേതാവ് ശംസുദ്ദീൻ മുസ്‌ലിയാരായിരുന്നു വർഷങ്ങളോളം അവിടെ മുദർരിസ്. അദ്ദേഹം ഇടവക്കു തൊട്ടടുത്ത ഓടയം പള്ളിയിലേക്ക് മാറി.

മുജാഹിദുകൾക്ക് അൽപം സ്വാധീനമുണ്ടായിരുന്ന ഓടയത്ത് ജമാഅത്തിന്റെ ക്ലാസ്സുകൾ സംഘടിപ്പിച്ചിരുന്നു. അവിടെ മിസ്കീൻ തെരുവിൽ ചെറിയൊരു പള്ളിയുണ്ടായിരുന്നു. ജമാഅത്ത് മുൻകൈയെടുത്ത് അവിടെ ജുമുഅ ആരംഭിച്ചു. അവിടെ ഖുത്വ്ബ ഉദ്ഘാടനം ചെയ്തത് ഞാനായിരുന്നു. പിന്നീട് കൊല്ലം അബ്ദുല്ല മൗലവിയായിരുന്നു ഖുത്വ്ബ നടത്തിയിരുന്നത്. അങ്ങനെ ജമാഅത്തിന് പ്രദേശത്ത് സ്വാധീനം ഉണ്ടായിത്തുടങ്ങിയപ്പോഴാണ് ശംസുദ്ദീൻ മുസ്‌ലിയാർ അവിടത്തെ മഹല്ല് പള്ളിയിൽ മുദർരിസായി വന്നത്. അദ്ദേഹം പോന്നതോടെ മാവള്ളിയിൽ ഖത്വീബ് ഇല്ലാതായി. അവിടെ അബൂ മുഹമ്മദ് എന്നൊരു രാഷ്ട്രീയക്കാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുജൻ അബ്ദുസ്സലാം ആയിരുന്നു അന്ന് മാവള്ളി മഹല്ലിന്റെ സെക്രട്ടറി. അദ്ദേഹവുമായി എനിക്ക് ചെറിയൊരു ബന്ധം ഉണ്ടായിരുന്നു. അതനുസരിച്ചാവണം, അദ്ദേഹമെന്നെ മാവള്ളിയിലെ ഖത്വീബാകാൻ ക്ഷണിച്ചു. നിലനിൽക്കില്ലെന്ന് എനിക്കുറപ്പായിരുന്നു. സുന്നി പള്ളിയിൽ ജമാഅത്തുകാരനായ എനിക്ക് തുടരാൻ കഴിയില്ല. പക്ഷേ, ഞാൻ ക്ഷണം സ്വീകരിച്ചു. എന്നെ ഖത്വീബായി നിശ്ചയിച്ചുവെന്ന് അവർ മിനുട്സിൽ രേഖപ്പെടുത്തി. അത് ഒരു വെള്ളിയാഴ്ചയായിരുന്നു. അന്ന് ഞാൻ അവിടെ ഖുത്വ്ബ നിർവഹിച്ചു; മലയാള ഭാഷയിൽ. അതുവരെ അവിടെ അറബി ഖുത്വ്ബയായിരുന്നു. അതവിടെ പ്രശ്നമാകുമെന്ന് എനിക്ക് അറിയാമായിരുന്നു. അതുപോലെത്തന്നെ സംഭവിച്ചു. മുക്രി അസ്വർ നമസ്കാരത്തിൽ എന്നെ തുടർന്നില്ല. കുറേയാളുകളെ അദ്ദേഹം വിവരമറിയിച്ചു; ശംസുദ്ദീൻ മുസ്‌ലിയാരെയും. അതൊരു വലിയ പ്രശ്നമായി മാറും എന്ന് ഞങ്ങൾക്ക് മനസ്സിലായി.

'എന്തുവന്നാലും ഞങ്ങളതിനെ നേരിടുമെന്നും നിങ്ങൾ ഒരു കാരണവശാലും രാജിവെക്കരുതെന്നും' അബ്ദുസ്സലാം എന്നോട് പറഞ്ഞു. 'വലിയൊരു പ്രശ്നമായി ഇത് മാറും. അതുകൊണ്ട് ഞാൻ ഒഴിവാകുകയാണ് നല്ലത്'- എന്റെ നിലപാട് വ്യക്തമാക്കി. 'എന്തൊക്കെ വന്നാലും വിട്ടുകൊടുക്കില്ല, എല്ലാറ്റിനെയും നേരിടാനുള്ള ശക്തി ഞങ്ങൾക്കുണ്ട്' എന്നായി സലാം. 'നാമൊരു വാശിക്ക് നിൽക്കരുത്. ഈ പ്രദേശത്തുതന്നെ അത് വലിയ കുഴപ്പങ്ങൾക്ക് കാരണമാകും. അതുകൊണ്ട് ഞാൻ ഒഴിവാകുകയാണ് നല്ലത്. നിങ്ങളെന്നെ ഖത്വീബായി നിശ്ചയിച്ചു. ഞാൻ ഖുത്വ്ബ നടത്തി. അസ്വ്ർ നമസ്കാരവും കഴിഞ്ഞു. ചിലർക്ക് വിയോജിപ്പുള്ളതുകൊണ്ട് അസ്വ്റിനു ശേഷം രാജിവെച്ചു. അങ്ങനെ മിനുട്സിൽ രേഖപ്പെടുത്തിയാൽ മതി' എന്ന് ഞാൻ സലാമിനോട് പറഞ്ഞു. അതവർ അംഗീകരിച്ചു. മഗ്‌രിബോടെ ശംസുദ്ദീൻ മുസ്‌ലിയാർ വന്നു. ഓടയം മഹല്ല് പള്ളിയിലേക്ക് അദ്ദേഹം മാറിയത് നമ്മൾ അതിനടുത്ത പള്ളിയിൽ ഖുത്വ്ബ തുടങ്ങിയതുകൊണ്ടായിരുന്നു. അതുകൊണ്ട് ഞാനദ്ദേഹത്തോട് പറഞ്ഞു: 'കളിക്കാൻ നമുക്ക് രണ്ടു പേർക്കും കഴിയും. നമ്മൾ രണ്ടു പേരും ഒരു കളരിയിൽ പഠിച്ച് പയറ്റി വന്നവരാണ്. അതുകൊണ്ട് അത്തരം ശ്രമങ്ങൾ ഒഴിവാക്കുകയാണ് നല്ലത്. നമ്മൾക്ക് ഏറ്റുമുട്ടൽ ഒഴിവാക്കാം.'

അതിനെ എതിർക്കാൻ അദ്ദേഹത്തിനായില്ല. കാരണം അദ്ദേഹത്തിന് എന്നോട് വിരോധമുണ്ടായിരുന്നില്ല. ജമാഅത്തുകാരോട് സലാം പറയരുത് എന്ന് പ്രസംഗിച്ചാലും, ഞാൻ സലാം പറഞ്ഞാൽ ഉറക്കെത്തന്നെ അദ്ദേഹം മടക്കാറുണ്ടായിരുന്നു. അങ്ങനെയൊരു നല്ലബന്ധം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. അദ്ദേഹം ഓടയത്ത് വന്ന് ഖത്വീബായതുകൊണ്ടാണ് ഞാൻ മാവള്ളിയിൽ ഖത്വീബ് സ്ഥാനം ഏറ്റെടുത്തതെന്ന് അദ്ദേഹത്തിന് മനസ്സിലായി. അതോടെ ആ പ്രശ്നം അവസാനിച്ചു. (തുടരും)

sadarvzkd@yahoo.co.in